"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പാർട്ട്ടൈം കണ്ടിജന്റ് എംപ്ലോയീസ്, എൻ.എം.ആർ/സി.എൽ.ആർ ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർക്കും - 2019-ലെ ഓണം അഡ്വാൻസ് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**ധനകാര്യ ( ലോൺസ്) വകുപ്പ്**

**സ.ഉ.(അച്ചടി) നം.115/2019/ധന** **തിരുവനന്തപുരം, തീയതി 26/08/2019**

പരാമർശം:-08.08.2018-ലെ സ.ഉ.(അച്ചടി) നമ്പർ 122/2018/ധന.

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും 2019-ലെ ഓണം അഡ്വാൻസായി 15,000/- രൂപ ( പതിനയ്യായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. അഡ്വാൻസായി കുറഞ്ഞ തുക ആവശ്യമുള്ള ജീവനക്കാർക്ക് ആയിരത്തിന്റെ ഗുണിതങ്ങളായ തുകയായും പരമാവധി 15,000/- രൂപയിൽ നിജപ്പെടുത്തി അനുവദിച്ച് നൽകാവുന്നതാണ്. അഡ്വാൻസ് തുക ജീവനക്കാരുടെ ശമ്പളവും ബത്തകളും മാറി നൽകുന്ന ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്യാവുന്നതും അഞ്ച് തുല്യമാസ ഗഡുക്കളായി 2019 ഒക്ടോബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും ഈടാക്കി തിരികെ ഒടുക്കേണ്ടതുമാകുന്നു.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 250(1)-ലെ 1 മുതൽ 3 വരെ കുറിപ്പുകളിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി താഴെപ്പറയുന്ന ജീവനക്കാർക്ക് 5,000/- രൂപ ( അയ്യായിരം രൂപ മാത്രം) നിരക്കിൽ ഓണം അഡ്വാൻസ് അനുവദിച്ച് ഉത്തരവാകുന്നു.

1. പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ.
2. എല്ലാ വകുപ്പുകളിലെയും എൻ.എം.ആർ / സി.എൽ.ആർ / സീസണൽ വർക്കർമാർ/ കൃഷി ഫാമുകളിലെ സ്ഥിരം വർക്കർമാർ.
3. സർക്കാർ വകുപ്പുകളിലെ സ്ഥിരം തൊഴിലാളികൾ.

4. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റീജിയണൽ വർക്ക്ഷോപ്പുകളിലെ വർക്കർമാർ, ആലപ്പുഴയിലെ ഡ്രെഡ്ജർ ആന്റ് ഡ്രൈ-ഡോക്കിലെ വർക്കർമാർ.

5. കുടുംബാസൂത്രണ വോളണ്ടിയർ വർക്കർമാർ.

6. അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ.

7. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് എന്നിവിടങ്ങളിലെ സ്ഥിരം അല്ലാത്ത വർക്കർമാർ, ബന്ധപ്പെട്ട ലോക്കൽ ബോഡികൾ, കൃഷി വകുപ്പ് എന്നിവിടങ്ങളിലെ കോക്കനട്ട് സ്പ്രേയിംഗ് വർക്കർമാർ.

8. മൗണ്ടഡ് പോലീസ് വിംഗിലെ ഗ്രാസ്സ് കട്ടർമാർ.

തൊഴിലാളികൾക്ക് നാളിതുവരെ അനുവദിച്ച എല്ലാ അഡ്വാൻസുകളും പൂർണമായും തിരികെ ഈടാക്കിയിട്ടുള്ള പക്ഷം ബന്ധപ്പെട്ട ലേബർ യൂണിയന്റെ ഉറപ്പിന്മേൽ സ്ഥിരം ജോലിക്കാരുടെയോ സ്ഥിരമല്ലാത്ത ജോലിക്കാരുടെയോ കൂട്ടുത്തരവാദിത്വത്തിലായിരിക്കണം ഒരേ ഫാമിലെ തന്നെ ജോലിക്കാർക്ക് അഡ്വാൻസ് അനുവദിച്ചു നൽകേണ്ടത്.

അഡ്വാൻസ് തിരിച്ചടവ് കാലയളവിൽ അതത് ഫാം/ലോക്കൽ ബോഡിയിൽത്തന്നെ ജോലിയിൽ തുടരും എന്നുറപ്പുള്ള ജോലിക്കാർക്ക് മാത്രം അഡ്വാൻസ് അനുവദിക്കേണ്ടതാണ്. കോക്കനട്ട് സ്പ്രേയിംഗ് വർക്കർമാരുടെ അഡ്വാൻസ് തിരിച്ചടവ് നടത്തേണ്ടത് കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ അതാത് ലോക്കൽ ബോഡികളായിരിക്കും.

ലോക്കൽ ബോഡികളിലെ അതത് മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗുരുവായൂർ ടൗൺഷിപ്പ്, പഞ്ചായത്ത് എന്നിവിടങ്ങളിലെ സമാന വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് മേൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി ലോക്കൽ ബോഡികളുടെ സാമ്പത്തികശേഷിയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് അഡ്വാൻസ് അനുവദിക്കുന്ന കാര്യം ബന്ധപ്പെട്ട ലോക്കൽ ബോഡികൾക്ക് തന്നെ തീരുമാനിക്കാവുന്നതാണ്.

മുകളിൽ 1 മുതൽ 7 വരെ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും അഞ്ച് തുല്യ മാസ ഗഡുക്കളായും ആഴ്ചതോറും വേതനം കൈപ്പറ്റുന്ന എട്ടാമത്തെ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും 21 ആഴ്ച ഗഡുക്കളായും അഡ്വാൻസ് തുക തിരിച്ച് പിടിക്കേണ്ടതാണ്.

**29.08.2019** മുതൽ അഡ്വാൻസ് തുക പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്. ഓണത്തിനുശേഷം ഓണം അഡ്വാൻസ് അനുവദിക്കാൻ പാട്ടുള്ളതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സഞ്ജീവ് കൗശിക്**
**പ്രിൻസിപ്പൽസെക്രട്ടറി (ധനകാര്യ വ്യയം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ ആന്റ് ഇ/ ജി ആന്റ് എസ്.എസ്.എ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ( ഇ ആന്റ് ആർ.എസ്.എ) കേരളം, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർ, ഓഫീസർമാർക്ക്.
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾ, സെക്ഷനുകൾക്ക്.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ ഗവൺമെന്റ് അഡീൽണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർക്ക്.
മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, കേരള, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യം.
കരുതൽ കോപ്പി/ ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ